**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1774** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഓട്ടോ, ടാക്സി നിരക്ക് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഏറ്റവും ഒടുവിൽ ആട്ടോ, ടാക്സി നിരക്ക് പരിഷ്കരണം നടപ്പിലാക്കിയത് എന്നാണ്; അന്ന് പെട്രോൾ, ഡീസൽ നിരക്ക് ലിറ്ററിന് എത്ര രൂപ വീതം ആയിരുന്നു; അറിയിക്കുമോ; | (എ) | 11/12/2018-ലെ സ.ഉ.(അച്ചടി)നം.45/2018/ ട്രാൻസ് വിജ്ഞാപനം പ്രകാരം, 11.12.2018-ലാണ് ഏറ്റവും അവസാനമായി ഓട്ടോ-ടാക്സി നിരക്ക് പരിഷ്കരണം നടപ്പിലാക്കിയത്. 11.12.2018-ലെ പെട്രോൾ വില ലിറ്ററിന് 73.58 രൂപയും, ഡീസൽ വില ലിറ്ററിന് 69.68 രൂപയും ആയിരുന്നു. |
| (ബി) | അതിനു ശേഷം പെട്രോൾ, ഡീസൽ എന്നിവയുടെ വില എത്ര തവണ വർദ്ധിച്ചു; നിലവിലെ ഇവയുടെ ഒരു ലിറ്റർ വില എത്രയാണ്; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പരിഷ്കരണത്തിന് ശേഷം പെട്രോൾ-ഡീസൽ വില 740 തവണയോളം വർദ്ധിച്ചിട്ടുണ്ട്. നിലവിൽ പെട്രോൾ വില ലിറ്ററിന് 106.65 രൂപയും, ഡീസൽ വില ലിറ്ററിന് 93.75 രൂപയും ആണ്. |
| (സി) | നിരന്തരമുള്ള ഡീസൽ-പെട്രോൾ വില വർദ്ധനവ്, ഇൻഷ്വറൻസ് ഉൾപ്പെടെയുള്ളവയുടെ ഫീസ് വർദ്ധനവ് എന്നിവ മൂലം ബുദ്ധിമുട്ടുന്ന ലൈറ്റ്മോട്ടോർ തൊഴിലാളികളുടെ സംരക്ഷണത്തിനായി ആട്ടോ ടാക്സി നിരക്ക് കാലോചിതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിലെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഓട്ടോ-ടാക്സി നിരക്ക് വർദ്ധനവ് സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 02.01.2022-ലെ സ.ഉ.(സാധാ)നം.1/2022/ ഗതാഗതം, പ്രകാരം ജസ്റ്റിസ് രാമചന്ദ്രൻ അദ്ധ്യക്ഷനായ ഫെയർ റിവിഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റി 10.02.2022-ൽ സമർപ്പിച്ച 33-ാം നം. റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. തുടർന്ന് ഈ വിഷയത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ